പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2644 — 06.02.2018-ന് മറുപടിയ്ക്ക്

## മാങ്കുളം ഫോറസ്റ്റ് ഡിവിഷൻ ഏറ്റെടുത്ത ഭൂമിയുടെ വിസ്തീർണ്ണം

ചോദ്യം — മറുപടി

ശ്രീ.ഹൈബി ഈഡൻ

ശ്രീ. കെ. രാജു
(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മാങ്കുളം ഡിവിഷനിലെ മിച്ചഭൂമിയെ വനമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് സർക്കാർ 16.05.2007 ൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ, 22.05.2007-ൽ കൂടിയ വനം- റവന്യൂ വകുപ്പ് മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗതീരുമാനപ്രകാരം വരുത്തിയ മാറ്റങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | മാങ്കുളം ഡിവിഷനിലെ മിച്ചഭൂമിയെ വനമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച സർക്കാർ 16.05.07-ൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ, 22.05.2017-ൽ കൂടിയ വനം-റവന്യൂ വകുപ്പ് മന്ത്രിമാരുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും യോഗതീരുമാന പ്രകാരം മാറ്റങ്ങൾ ഒന്നും വരുത്തിയിട്ടില്ല. |
| (ബി) | കെ.ഡി.എച്ച്. നിയമപ്രകാരം ഏറ്റെടുത്ത ഭൂമിയിൽ ഫോറസ്റ്റ് സെറ്റിൽമെന്റ് നടപടി പൂർത്തിയാകാത്തതും അതിർത്തി നിർണയം പൂർത്തിയാകാത്തതുമായ മാങ്കുളത്തെ സ്ഥലത്ത് വനം വകുപ്പ് ജണ്ട കെട്ടിയും മറ്റ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയും സർക്കാരിന്റെ പണം ദുർവിനിയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുമോ; | (ബി) | കെ.ഡി.എച്ച്. നിയമപ്രകാരം ഏറ്റെടുത്ത ഭൂമിയിൽ ഫോറസ്റ്റ് സെറ്റിൽമെന്റ് നടപടികൾ പൂർത്തിയാകാത്തതും അതിർത്തി നിർണ്ണയം പൂർത്തിയാകാത്തതുമായ മാങ്കുളത്തെ സ്ഥലത്ത് വനം വകുപ്പ് ജണ്ട കെട്ടിയും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയും സർക്കാരിന്റെ പണം ദുർവിനിയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കേരള വന നിയമത്തിലെ 19-ാം വകുപ്പ് പ്രകാരം കെ.ഡി.എച്ച്. ഭൂമിയിൽ നിന്നും മാങ്കുളം ഫോറസ്റ്റ് ഡിവിഷൻ ഏറ്റെടുത്ത ഭൂമിയുടെ വിസ്തീർണ്ണം എത്ര; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | കെ.ഡി.എച്ച് ഭൂമിയിൽപെട്ടതും മാങ്കുളം ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽപ്പെട്ടതുമായ 9005.72 ഹെക്ടർ ഭൂമി കേരള വന നിയമം സെക്ഷൻ (4) പ്രകാരം റിസർവ്വ് വനമായി പ്രഖ്യാപിച്ചിട്ടുള്ളതും അന്നുമുതൽ ടി ഭൂമി റിസർവ്വ് വനമായി സംരക്ഷിച്ചുവരികയും ചെയ്യുന്നുണ്ട്. കേരള വന നിയമം 19-ാം വകുപ്പ് പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുന്നോടിയായുള്ള തുടർ നടപടികൾ നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ